**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4585** **10-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പിൻ കീഴിൽ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിൻ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ സഹായ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) | വകുപ്പ് വിഭജനത്തിന് ശേഷം സ്ത്രീകളുടെയും കുട്ടികളുടെയും പദ്ധതികൾ വനിതാ ശിശുവികസന വകുപ്പാണ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രായമായവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവർക്ക് ആശ്വാസം നൽകാനും എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ? | (ബി) | 1. സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും ഒറ്റപ്പെട്ടുപോയവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോടെ 2021-22 സാമ്പത്തിക വർഷം വയോരക്ഷ എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2. 80 വയസ്സിനു മുകളിൽ പ്രായമായവരുടേയും അൽഷിമേഴ്സ് രോഗികളുടെയും പരിചരണത്തിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ ഡിമെൻഷ്യാ കെയർ സെന്റർ ആരംഭിക്കുന്നതിനു പദ്ധതി തയ്യാറാക്കി വരുന്നു. 3. കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ ശാരീരികവും മാനസികവും സാമൂഹികവുമായ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ സംരക്ഷണം മുൻനിർത്തി 'സായംപ്രഭാ ഹോം പകൽ വീട് പദ്ധതി' പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്ന-തിനായുള്ള നടപടികൾ സ്വീകരിച്ചു-വരുന്നുണ്ട്. കെയർ ഗിവർമാരുടെ സേവനം കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആവശ്യമുള്ളവർക്ക് ഭക്ഷണം നല്കൽ, യോഗ മെഡിറ്റേഷൻ, ടെലി കൗൺസിലിംഗ്, മെഡിസിൻ വിതരണം, വിനോദോപാധികൾ തുടങ്ങി പലവിധ പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് നല്കുവാൻ നടപ്പുവർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 4. കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിച്ചുവരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് ഭക്ഷ്യകിറ്റ് അനുവദിച്ചുവരുന്നു. 5. |

| | | | |
|---|---|---|---|
| | | | വയോജനങ്ങൾക്കായി കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഹെല്പ് ലൈൻ ക്രമീകരിക്കുന്നതിന് നടപടി പുരോഗമിച്ചുവരുന്നു. 6. വയോജന മേഖലയിലെ സന്നദ്ധ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന സംഘടനയ്ക്കു അവാർഡ് നല്കുന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ